## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. **5586**

29.07.2015-ൽ മറുപടിക്ക്

## തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യ മന്ത്രി) |
| (എ) തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥൻമാരുമായി നിയമസഭാമന്ദിരത്തിൽ കൂടിയ യോഗം എന്നായിരുന്നു; ഓരോ വിഭാഗത്തിലുമായി എത്രപേർ പങ്കെടുത്തു; ശ്രീമതി. മേനകാ ഗാന്ധിയുടെ സംഘടനയെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാം; പ്രസ്തുത സംഘടനയെ യോഗത്തിൽ പങ്കെടുക്കുന്നതിനായി ക്ഷണിച്ചിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ അവരെ യോഗത്തിൽ പങ്കെടുക്കാൻ സഹായിച്ച ഉദ്യോഗസ്ഥർ ആരെല്ലാമെന്നു വ്യകതമാക്കുമോ; | (എ) തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളു-മായും ഉദ്യോഗസ്ഥൻമാരുമായി നിയമസഭാമന്ദിരത്തിൽ കൂടിയ യോഗം 14.7.2015-ൽ ആയിരുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത മുഴുവൻ പേരുടെയും വിവരങ്ങൾ ലഭ്യമല്ല. സംസ്ഥാനത്തെ 14 ജില്ലകളിലും തെരുവ്നായ്ക്കൾക്ക് ABC പ്രോഗ്രാം നടത്തുകയും, വാക്സിനേഷൻ നല്കുകയും ചെയ്യുന്ന പ്രവർത്തനം ജില്ലാ തലത്തിൽ ഏകോപിപ്പിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ജില്ലാ ആസ്ഥാനങ്ങളിലുള്ള നഗരസഭാ ചെയർമാൻമാർ,നഗരകാര്യ വകുപ്പ്, പഞ്ചായത്ത് വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരെയും ബന്ധപ്പെട്ട വകുപ്പു മന്ത്രിമാരെയും ഉൾപ്പെടുത്തിയുള്ള യോഗമാണ് നടത്തിയത്. |

| | | | |
|---|---|---|---|
| | | | ശ്രീമതി. മേനകാ ഗാന്ധിയുടെ സംഘടനയെ പ്രതിനിധീകരിച്ച് യോഗത്തിൽ ആരും പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ ശ്രീമതി മേനകാ ഗാന്ധിയുടെ സംഘടനയിൽപ്പെട്ടവരെ യോഗത്തിൽ ക്ഷണിച്ചിരുന്നില്ല. |
| (ബി) | പ്രസ്തുത യോഗത്തിൽ 1960ൽ പാർലമെന്റ് പാസ്സാക്കിയ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമവും, 2006-ലെ കേരളാ ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിയും ചർച്ച ചെയ്തുവോ എന്നും എന്തു തീരുമാനമെടുത്തു എന്നും വ്യക്തമാക്കുമോ; പ്രസ്തുത ആക്ടിന്റേയും ഹൈക്കോടതി വിധിയുടേയും പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളും, ബഹു. കോടതി ഉത്തരവുകളും പൊതുവായി ചർച്ച ചെയ്തു. (പകർപ്പുകൾ അനുബന്ധമായി വച്ചിട്ടുണ്ട്). |
| (സി) | തെരുവു നായ്ക്കളെ കൊല്ലുന്നതു സംബന്ധിച്ച് ഈ സർക്കാർ കാലയളവിൽ ഇറക്കിയ സർക്കുലർ/ഓർഡർ പകർപ്പുകളും, ഇവയിൽ റദ്ദാക്കിയ സർക്കുലറുകൾ/ഓർഡറുകൾ സംബന്ധിച്ച വിവരവും, ഇത് സംബന്ധിച്ച തദ്ദേശസ്വയംഭരണ സ്ഥാപന ഓംബുഡ്സ്മാൻ 2004-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ; | (സി) | തെരുവ്നായക്കളെ കൊല്ലുന്നത് സംബന്ധിച്ച് ഈ സർക്കാർ കാലയളവിൽ സർക്കുലറുകളോ, ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല. ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന ഓംബുഡ്സ്മാൻ 2004-ൽ പുറപ്പെടുവിച്ച ഉത്തരവ് അനുബന്ധം II ആയി വച്ചിട്ടുണ്ട്. |

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച നിലവിൽ സുപ്രീം കോടതിയിൽ എത്ര കേസ്സുകൾ നിലനിൽക്കുന്നു; എത്ര കേസ്സുകളിൽ സർക്കാർ കക്ഷി ചേർന്നിട്ടുണ്ടെന്നറിയിക്കുമോ; ഏതെല്ലാം സംസ്ഥാനങ്ങളിൽ തെരുവ് നായ്ക്കളെ കൊല്ലുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നറിയിക്കുമോ?

(ഡി) ഈ വിഷയം സംബന്ധിച്ച് നിലവിൽ സുപ്രീം കോടതിയിൽ എത്ര കേസുകൾ നിലനിൽക്കുന്നു എന്നത് സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല. ഗോവ ഹൈക്കോടതി 2008-ൽ തെരുവ്നായ്ക്കളെ സംബന്ധിച്ച് പുറപ്പെടുവിച്ച ഒരു വിധി സുപ്രീം കോടതിയുടെ പരിഗണനയിലുള്ള ഒരു വിഷയമാണ്. പ്രസ്തുത കേസ് SLP 691/2009 ൽ കക്ഷി ചേരാനായി കേരള സർക്കാർ അഡ്വ. ലിസ് മാത്യുവിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്